## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 07.12.2024 മുതൽ 11.12.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 49/2024 (98) വെള്ളിയാഴ്ച | തീയ്യതി 06/12/2024 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 07.12.2024 | 08.12.2024 | 09.12.2024 | 10.12.2024 | 11.12.2024 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 1 | 2 | 0.5 | 0.4 | 1 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 86 | 86 | 86 | 86 | 86 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 76 | 76 | 76 | 76 | 76 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 2 | 2 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 290 | 290 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 3 | 4 | 4 | 5 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. തോട്ടങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പുവരുത്തുക, തെളിഞ്ഞ ആകാശം ഉള്ളപ്പോൾ മാത്രം കീടനാശിനി പ്രയോഗം നടത്തുക. നെല്ല്, റബ്ബർ, കൊപ്രാ, മുതലായ കാർഷികോല്പന്നങ്ങൾ നനയാതെ സൂക്ഷിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | ബാക്ടീരിയൽ ഇലകരിച്ചിൽ | 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്തു കലക്കി തളിക്കാവുന്നതാണ്. |
| തെങ്ങ് | ചെല്ലിക്കുത്ത് | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക, കൂമ്പിനുചുറ്റുമുള്ള 2,3 ഇലകവിളുകളിൽ 45 ദിവസം കൂടുമ്പോൾ മണലും പാറ്റാഗുളികയും അല്ലങ്കിൽ തുല്യ അളവ്മണലും വേപ്പിൻപിണ്ണാക്കും ചേർത്ത് ഇടുക. മണ്ട വൃത്തിയാക്കിയ ശേഷം 20ഗ്രാം കാർട്ടാപ്പ്ഹൈഡ്രോക്ലോറൈഡ് 4G/ ഫിപ്രോനിൽ 0.3G/ കാർബോസൽഫാൻ 6G എന്നിവയിലേതെങ്കിലും 200 ഗ്രാം മണലുമായി ചേർത്തു കൂമ്പിനു ചുറ്റുമുള്ള 2-3 ഇല കവിളുകളിൽ ഇടുക. വർഷത്തിൽ മൂന്നുപ്രാവശ്യം ചെയ്യാവുന്നതാണ്. മീൻ വല കൂമ്പോലക്കു ചുറ്റും കെട്ടുകയും ഇളക്കവിളിൽ ഇറക്കിവെക്കുകയും ചെയ്യുക. |
| വാഴ | സിഗെറ്റോക ഇലപ്പുള്ളിരോഗം | രോഗത്തിൻറ്റെ ആരംഭത്തിൽ തന്നെ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഒരു ശതമാനം ബോർഡോമിശ്രിതം 3-4 പ്രാവശ്യം 3-4 ആഴ്ചകൂടുമ്പോൾ തളിക്കുക. |
| ശീതകാല പച്ചക്കറികൾ | പരിചരണം | പറിച്ചുനട്ടു ഒരാഴ്ച കഴിയുമ്പോ ഒന്നാം വളം കൊടുക്കുക. |

മൃഗസംരക്ഷണം:- കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)